## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1259      01-07-2015-ൽ മറുപടിക്ക്

### നിത്യോപയോഗ സാധനങ്ങളുടെ വില

ചോദ്യം

ശ്രീ.പി.ശ്രീരാമകൃഷ്ണൻ

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ഉൽപ്പന്നങ്ങൾക്ക് എത്ര ശതമാനം നിരക്കിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | നിലവിൽ പരിഗണനയിലില്ല. |
| (ബി) | പൊതു വിപണിയിൽ വൻവില വർദ്ധനവിന് ഇത് ഇടയാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ബാധകമല്ല. |
| (സി) | ഏതെല്ലാം ഉൽപ്പന്നങ്ങൾക്കാണ് ഇപ്പോൾ സബ്സിഡിയുള്ളതെന്നും അവ വിലയിൽ നിന്നും എത്ര കുറച്ചാണ് നൽകുന്നതെന്നും വിശദമാക്കുമോ ; | (സി) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപനശാലകൾ വഴി വിതരണം ചെയ്തുവരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | ഇനം | നിലവിലെ സബ്സിഡി വില (രൂപ കി.ഗ്രാമിന്) | പൊതു വിപണി വില (as per Economics and Statistics Dept of 22.5.15 (per Kg) | സപ്ലൈകോ വിലയും പൊതു വിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ |
|---|---|---|---|---|---|
| 1 | ചെറുപയർ | 74 | 111.29 | 37.29 | 33.51% |

| | | | | | |
|---|---|---|---|---|---|
| 2 | ഉഴുന്ന് (ബോൾ) | 66 | 116.57 | 50.57 | 43.38% |
| 3 | വൻകടല | 43 | 66.46 | 23.46 | 35.30% |
| 4 | വൻ പയർ | 45 | 61.57 | 16.57 | 26.91 % |
| 5 | തുവര പരിപ്പ് | 65 | 108.29 | 43.29 | 39.98 % |
| 6 | മുളക് | 75 | 114.00 | 39.00 | 34.21 % |
| 7 | മല്ലി | 100 | 125.07 | 25.07 | 20.04% |
| 8 | പഞ്ചസാര | 25 | 28.50 | 3.50 | 12.28 % |
| 9 | പച്ചരി | 23 | 28.60 | 5.60 | 19.58 % |
| 10 | മട്ട അരി | 25 | 33.00 | 8.00 | 24.24% |
| 11 | ജയ അരി | 25 | 33.13 | 8.13 | 24.54% |
| 12 | കുറുവ അരി | 25 | 32.33 | 7.33 | 22.67% |
| 13 | വെളിച്ചെണ്ണ | 130 | 169.64 | 39.64 | 23.37% |

| | | | |
|---|---|---|---|
| (ഡി) | ഉയരുന്ന മാർക്കറ്റ് വില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വ്യക്തമാക്കുമോ ? | (ഡി) | സബ്സിഡി ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനോടൊപ്പം കൂടുതൽ ജനങ്ങൾക്ക് സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കി, യഥാർത്ഥ ഉപഭോക്താവിനു മാത്രമേ സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭിക്കൂ എന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി സബ്സിഡിയുടെ ദുർവിനിയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വില്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും SP റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ മുഖേനയും ഇന്റേർണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേനയും വില്പനശാലകളിൽ പരിശോധന നടത്തി വരുന്നുണ്ട്.<br><br>കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർ മാർക്കറ്റ് തലത്തിലും പഞ്ചായത്ത് മുൻസിപ്പൽ, കോർപ്പറേഷൻ തലത്തിലും പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>അവശ്യസാധനങ്ങൾ കമ്പോളത്തിൽ തടസ്സമില്ലാതെ ലഭ്യമാക്കാൻ സപ്ലൈക്കോയ്ക്ക് സാധിച്ചിട്ടുണ്ട്. ഇത് വിപണി വില വർദ്ധനവ് പിടിച്ചു നിർത്താൻ വളരെയധികം സഹായിച്ചിട്ടുണ്ട്. അവശ്യസാധനങ്ങളുടെ വില്പനവില യുക്തമായി പുനർനിർണ്ണയം ചെയ്ത് സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കി മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാക്കുന്ന ശാസ്ത്രീയമായ പൊതുവിപണി ഇടപെടൽ തന്ത്രമാണ് സപ്ലൈകോ ഇപ്പോൾ സ്വീകരിച്ചുവരുന്നത്. |

| | | | |
|---|---|---|---|
| | | | ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP/ മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് നൽകിവരുന്നു.<br><br>ഉപഭോക്താവിന് നല്ല ഗുണമേൻമയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തു വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ ശബരി ബ്രാൻഡിൽ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. കൂടാതെ സാമ്പാർപൊടി, രസപൊടി, ചിക്കൻ മസാല, പുട്ടുപൊടി, അപ്പം പൊടി തുടങ്ങിയവ ശബരി ബ്രാന്റിൽ പുതിയതായി പൊതുവിപണിയിൽ എത്തിച്ചിട്ടുണ്ട്.<br><br>ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, റംസാൻ, ക്രിസ്മസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ എല്ലാ അദ്ധ്യയന വർഷാരംഭങ്ങളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട്ബുക്ക്, പെൻസിൽ, പേന, ഇൻസ്ട്രുമെന്റ് ബോക്സ്, ബാഗുകൾ, കുടകൾ തുടങ്ങിയ എല്ലാ പഠനോപകരണങ്ങളും ശരാശരി 20 ശതമാനം വിലക്കുറവിൽ ലഭ്യമാക്കി വരുന്നു.<br><br>ഇങ്ങനെ പൊതു വിപണിയിൽ സജീവമായി ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുവാനുള്ള നടപടികൾ സപ്ലൈകോ എടുത്തു വരുന്നു. |

Beena

**സെക്ഷൻ ഓഫീസർ**